**Darsana Charitable Society,**
Reg. No. CA/210/2007,
Bodhi, Kottekkad (PO),
Palakkad, Kerala, INDIA

darsana
Fill the void with light Let us unite
INITIATIVE FOR EDUCATION, INSIGHT AND EMPOWERMENT

പാലക്കാട്,
16 നവംബർ 2023

To,
**ശ്രീ കെ. രാധാകൃഷ്ണൻ,**
പട്ടികജാതി, പട്ടികവർഗ, പിന്നോക്ക ക്ഷേമ, ദേവസ്വം, പാർലമെന്ററി കാര്യ വകുപ്പ് മന്ത്രി,
സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം.

സർ,
വിഷയം:
29.07.2023 ന് നടന്ന Biju Cherian Endowment Scholarship (BCES)Talk

പാലക്കാട് എഞ്ചിനീയറിംഗ് കോളേജിലെ പുരോഗമന പ്രസ്ഥാനങ്ങളിൽ പ്രവർത്തിച്ചിരുന്നവരുടെ സംഘടനയായ, ദർശന സൊസൈറ്റി ഓൺലൈനായി സംഘടിപ്പിച്ച Biju Cherian Endowment Talk മായി ബന്ധപ്പെട്ട് ഒന്നു രണ്ടു പ്രധാനപ്പെട്ട കാര്യങ്ങളിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു.
കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളിൽ നിലവിലെ സംവരണ സംവിധാനത്തിലൂടെ പ്രവേശനം നേടുന്ന എസ്.സി./എസ്.ടി., പിന്നോക്ക വിഭാഗത്തിൽ പെടുന്ന കുട്ടികളിൽ വളരെക്കുറച്ചുപേർ മാത്രമേ 4 വർഷം കൊണ്ട് ജയിക്കുന്നുള്ളു എന്ന യാഥാർത്ഥ്യമാണ് മേൽപറഞ്ഞ സംവാദത്തിന്റെ പശ്ചാത്തലം. ഈ പ്രശ്നത്തിന്റെ കാരണങ്ങളും അവക്കുള്ള പരിഹാരങ്ങളും ചർച്ച ചെയ്യുക എന്നതായിരുന്നു പരിപാടിയുടെ ലക്ഷ്യം.
ഏകദേശം നൂറ്റമ്പതോളം പേർ ഓൺലൈനായി പങ്കെടുത്ത പരിപാടിയുടെ ഉദ്ഘാടനം ചെയ്യാമെന്ന് ഏറ്റിരുന്നെങ്കിലും താങ്കൾക്കു പങ്കെടുക്കാൻ കഴിയാതിരുന്നത് ഖേദകരമായി.
"സാങ്കേതിക വിദ്യാഭ്യാസം - അവഗണിക്കപ്പെടുന്ന സാമൂഹ്യയാഥാർത്ഥ്യങ്ങളും വെല്ലുവിളികളും" എന്ന വിഷയത്തെ കുറിച്ചു സജീവമായ ഒരു ചർച്ചയാണ് അന്നു നടന്നത്. ചർച്ചയിൽനിന്നുള്ള പ്രസക്തമായ ചില കാര്യങ്ങൾ താങ്കളുടെ ശ്രദ്ധയും പരിഗണനയും ലഭിക്കുന്നതിലേക്കായി സമർപ്പിക്കുകയാണ്.
1. നിലവിൽ Floating Reservation സംവിധാനമാണ് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനത്തിന് പ്രാബല്യത്തിൽ ഉള്ളത്. അശാസ്ത്രീയമായ ഈ പ്രവേശനരീതിയുടെ ഫലമായി മികച്ച കോളേജുകളിൽ ചേരുന്നതിനുള്ള അവസരം സംവരണ വിദ്യാർത്ഥികൾക്കു നഷ്ടമാകുന്നു. മെച്ചപ്പെട്ട പഠനാന്തരീക്ഷവും പ്രചോദനാത്മകമായ കലാലയ സാമൂഹ്യാന്തരീക്ഷവും പഠനമികവിന് അനിവാര്യമാണ് എന്നതുകൊണ്ടുതന്നെ ഈ വിദ്യാർത്ഥികളുടെ വിജയസാധ്യതകളെ ഫ്ലോട്ടിംഗ് റിസർവേഷൻ എന്ന ഈ അശാസ്ത്രീയരീതി വിപരീതമായി ബാധിക്കുന്നു എന്നു പറയാൻ കഴിയും. ആഗസ്റ്റ് മാസത്തിൽ നടന്ന ദർശന സൊസൈറ്റിയുടെ വാർഷിക ജനറൽ ബോഡി യോഗം ഫ്ലോട്ടിംഗ് റിസർവേഷൻ എന്ന രീതിക്കെതിരെ ഒരു പ്രമേയം പാസാക്കിയിരുന്നു. ആയത് ഇതിനോടൊപ്പം സമർപ്പിക്കുകയാണ്. ഉന്നതവിദ്യാഭ്യാസവകുപ്പിന്റെ ശ്രദ്ധയിൽ ഇക്കാര്യം കൊണ്ടുവന്ന് ഒരു മാറ്റത്തിനാവശ്യമായ നടപടികൾ എടുക്കണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

2. ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിനും ഗണിതപഠനത്തിനും പ്രയാസം നേരിടുന്ന പിന്നോക്ക വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് ഞങ്ങൾ പാലക്കാട് എൻ.എസ്.എസ്. എഞ്ചിനീയറിംഗ് കോളേജിലും കോഴിക്കോട് വെസ്റ്റ് ഹിൽ എഞ്ചിനീയറിംഗ് കോളേജിലും സൗജന്യ ക്ലാസുകൾ കൊടുക്കുവാനുള്ള ശ്രമങ്ങൾ നടത്തി. ഇംഗ്ലീഷ്, ഗണിതം എന്നിവ കൂടാതെ പ്രയാസമുള്ള മറ്റു വിഷയങ്ങളിൽ കൂടി ഇത്തരം അധികക്ലാസുകൾ ദർശനയെ പോലെയുള്ള സംഘടനകളെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് നടപ്പിലാക്കാൻ സാങ്കേതിക സർവ്വകലാശാലയായ KTU വിനോട് ആവശ്യപ്പെടണമെന്ന് അഭ്യർത്ഥിക്കുന്നു.

3. എഞ്ചിനീയറിംഗ് കോളേജുകളിലെ പിന്നോക്ക വിഭാഗവിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ കൃത്യ സമയത്തുതന്നെ കിട്ടുന്നു എന്ന് ഉറപ്പാക്കാനുള്ള സംവിധാനങ്ങൾ താങ്കളുടെ വകുപ്പിൽ നടപ്പിലാക്കണമെന്ന് കൂടി അഭ്യർത്ഥിക്കുന്നു.

ഇതുമായി ബന്ധപ്പെട്ടു കൂടുതൽ കാര്യങ്ങൾ നേരിൽ കണ്ടു സംസാരിക്കുന്നതിനു വേണ്ടി താങ്കളുടെ കുറച്ചു സമയം അനുവദിച്ചു തരണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,



**കെ. സി. മനോജ്**
പ്രസിഡണ്ട് ,
ദർശന ചാരിറ്റബിൾ സൊസൈറ്റി ,
പാലക്കാട്.

email: info@darsana.in
web site: https://darsana.in